
# അക്കാദമിക് മാസ്റ്റർപ്ലാൻ- മാർഗ്ഗരേഖ

## വി.എം.എച്ച്.എസ്, കൊട്ടാരക്കര
## ഇ.റ്റി.സി.പി.ഒ അമ്പലപ്പുറം



കൊട്ടാരക്കര - വിദ്യാഭ്യാസജില്ല

കൊട്ടാരക്കര - ഉപവിദ്യാഭ്യാസജില്ല

# ഉള്ളടക്കം


- ആമുഖം
- വിദ്യാർത്ഥികളുടെ എണ്ണം
- അധ്യാപക- അനധ്യാപകരുടെ എണ്ണം
- SSLC പരീക്ഷാഫലം
- നേട്ടങ്ങൾ
- വിദ്യാലയത്തിന്റെ ലഘുചരിത്രം
- സ്കൂൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ
- വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
- പദ്ധതി രൂപീകരണ പ്രക്രിയകൾ
- നിലവിലെ അവസ്ഥാവിശകലനം
- മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ
- പദ്ധതി വിശദാംശങ്ങൾ
- മോണിറ്ററിംഗ്
- ഉപസംഹാരം

# ആമുഖം

മെച്ചപ്പെട്ട രീതിയിൽ പഠിക്കാൻ അവസരം കിട്ടുക എന്നത് ഓരോ കുട്ടിയുടെയും അവകാശമാണ്. സാമ്പത്തികമോ, സാമൂഹികമോ, ഭാഷാപരമോ ശാരീരികമോ, സ്ത്രീ-പുരുഷ ഭേദപരമോ ആയ വേർതിരിവുകൾ ഈ അവകാശത്തെ നിഷേധിക്കുന്നതിന് കാരണമാവരുത്. കേരളത്തിൽ ഉയർന്ന ജീവിത നിലവാരവും ഉയർന്നസാക്ഷരതയും കൈവരിക്കാൻ കഴിഞ്ഞത് കേരളത്തിലെ പൊതു വിദ്യാഭ്യാസ വ്യാപനമാണ്. പൊതു വിദ്യാലയങ്ങൾ ആകർഷകങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. മികച്ച അക്കാദമിക് നിലവാരം കൈവരിക്കുന്നതിന് ഭൗതിക സാഹചര്യങ്ങളും . അനുബന്ധഘടകങ്ങളും മെച്ചപ്പെടേണ്ടതുണ്ട്. ഇതിന് കൃത്യമായ ആസൂത്രണം ആവശ്യമാണ്. അതിനുവേണ്ടി 2017-18 വർഷം മുതൽ 10 വർഷം മുന്നിൽ കണ്ടുകൊണ്ട് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി. PTA യുടെയും പൊതു സമൂഹത്തിന്റെയും പിന്തുണയോടെ ഈ വിദ്യാലയത്തിന്റെ ഭൗതികവും അക്കാദമികവുമായ വികസനമാണ് ഈ പ്ലാനിലൂടെ ലക്ഷ്യമിടുന്നത്. ഈ വികസന പദ്ധതി തീർച്ചയായും എന്റെ വിദ്യാലയത്തെ കൂടുതൽ മെച്ചമാക്കുവാൻ സഹായിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപീകരണത്തിൽ PTA അംഗങ്ങളും Staff പ്രതിനിധികളും . വാർഡ് മെമ്പറും ഉൾപ്പെടെ 20 പേർ പങ്കെടുത്തു. എല്ലാവരുടടെയും അഭിപ്രായങ്ങൾ കേട്ടശേഷം അവ ക്രോഡീകരിക്കുന്നതിന് SRG കൺവീനർ ശ്രീമതി ജയലക്ഷ്മി സഹായിച്ചു.

**അമ്പലപ്പുറം**

**Ushakumary .R**
**Tr.incharge**

# നേട്ടങ്ങൾ

School നിലകൊള്ളുന്നത് ഒരു Rural Areaയിൽ ആണ്. Town ൽ പോയി പഠിക്കാൻ നിവർത്തിയില്ലാത്ത അവിടുത്തെ പാവപ്പെട്ട ജനങ്ങൾക്ക് Secondary വിദ്യാഭ്യാസം നൽകാൻ കഴിഞ്ഞു എന്നുള്ളതുതന്നെയാണ് സ്കൂളിന്റെ ഏറ്റവും വലിയ നേട്ടമായി ഞങ്ങൾ കാണുന്നത്.

കഴിഞ്ഞ വർഷം നടന്ന പൂർവ്വവിദ്യാർത്ഥി സംഗമം സ്കൂളിനെ സംബന്ധിച്ച് ഒരു സംഭവം തന്നെയായിരുന്നു.

സാമൂഹ്യമായും. രാഷ്ട്രീയമായും,കലാപരമായും, ഔദ്യോഗികമായും ഉന്നതശ്രേണികളിൽ വിരാജിക്കുന്ന അവരൊക്കെത്തന്നെ ഞങ്ങളുടെ സ്കൂളിൽ പഠിച്ച് T.C വാങ്ങി പോയവരാണെന്ന് ഓർത്തപ്പോൾ ഞങ്ങൾക്ക് അഭിമാനം തോന്നി.

ഹൃദ്യമായ Teaching Learning Activities ലൂടെ മിക്കവാറും എല്ലാവർഷവും S.S.L.C പരീക്ഷക്ക് 100% വിജയം നേടാൻ School ന് കഴിഞ്ഞിട്ടുണ്ട്.

Sports,Arts,Science talent test തുടങ്ങി എല്ലാextra carricular activities ലും ഒത്തിരി പ്രതിഭകളെ വാർത്തെടുക്കാൻ School ന് കഴിഞ്ഞിട്ടുണ്ട്.

Sub.Dist തലത്തിലും Edn:Dist തലത്തിലും Rev: Dist തലത്തിലും പോരാടി വിജയിച്ച എല്ലാ പ്രതിഭകളും സ്കൂളിന്റെ അഭിമാനഭാജനങ്ങൾ തന്നെയാണ്.

ഒന്നാംതരം കളിക്കളം , വൃത്തിയും വെടിപ്പുമുള്ള പാചകപുര, Computer Lab, നല്ല കാറ്റും വെളിച്ചവും കടക്കുന്ന High Tech Class മുറികൾ തുടങ്ങി എല്ലാ ഭൗതികസാഹചര്യങ്ങളും ഒരുക്കാൻ കഴിഞ്ഞതും School ന്റെ നേട്ടം തന്നെയാണ്.

# വിദ്യാലയത്തിന്റെ ലഘുചരിത്രം

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ കൊട്ടാരക്കര മുനിസിപ്പാലിറ്റിയിൽ കൊട്ടാരക്കര മഹാഗണപതി ക്ഷേത്രത്തിന് സമീപ പ്രദേശമായ അമ്പലപ്പുറത്ത് വീര ശ്രീ: വേലുത്തമ്പി ദളവയുടെ നാമധേയത്തിൽ സ്ഥിതിചെയ്യുന്ന സരസ്വതിക്ഷേത്രമാണ് **വേലുത്തമ്പി മെമ്മോറിയൽ ഹൈസ്കൂൾ.** അമ്പലപ്പുറം ശ്രീ.ഗൗരിശങ്കര ക്ഷേത്രത്തിന്റെ തിരുമുറ്റത്ത് 1984 ആഗസ്റ്റ് 01-ൽ സ്ഥാപിതമായ സ്കൂൾ ഇന്ന് നാടിന്റെ അഭിമാനമായിനിലകൊള്ളുന്നു. അമ്പലപ്പുറം, മുട്ടറ, അന്നൂർ, നീലേശ്വരം, വിലങ്ങറ, കാക്കക്കോട്ടൂർ എന്നീ മേഖലകളിലെ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം നൽകുന്നു. DVNSS UPS അന്നൂർ, MSC LPS നീലേശ്വരം, DVUPS നെടുവത്തൂർ, വിലങ്ങറUPS, GWUPS അമ്പലപ്പുറം എന്നിവയാണ് ഈ വിദ്യാലയത്തിന്റെ ഫീഡിംഗ് സ്കൂളുകൾ. സാധാരണക്കാരുടെയും SC/ST വിഭാഗത്തിൽപ്പെട്ടവരുടെയും കുട്ടികളാണ് ഇവിടെ പഠിക്കുന്നവരിൽ ഏറെയും.

1984-ൽ ആരംഭിച്ച സ്കൂൾ ശ്രീമതി ജി.സരസ്വതിയമ്മയുടെ പേരിലാണ് സ്ഥാപിതമായത്. അന്ന് ഈ ഗ്രാമത്തിൽ ഉണ്ടായിരുന്നത് ഒരു ഗവൺമെന്റ് എൽ.പി.സ്കൂൾ മാത്രമായിരുന്നു. നാട്ടിലെ സാധാരണക്കാരുടെ മക്കൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് സ്കൂൾ സഹായകമായി. പൊതുവെ പിന്നാക്കം നിൽക്കുന്ന മേഖലയിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. നാടിന്റെ പുരോഗതിയിൽ സ്കൂൾ നല്ല പങ്ക് വഹിക്കുന്നു. ഗവഃഹോമിയോ ഡിസ്പെൻസറി,GWUPS അമ്പലപ്പുറം, ശ്രീ ഗൗരീശങ്കരക്ഷേത്രം,110.K.V സബ്സ്റ്റേഷൻ എന്നിവ സ്കൂളിന് സമീപം സ്ഥിതി ചെയ്യുന്നു. ഇവിടെ പഠിച്ച കുട്ടികൾ ഇന്ന് സമൂഹത്തിന്റെ നാന മേഖലകളിൽ ഉയർന്ന ഉദ്യോഗസ്ഥരായി പ്രവർത്തിക്കുന്നു.

## സ്കൂൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

- കുട്ടികളുടെ എണ്ണത്തിലുള്ള കുറവാണ് പ്രധാനപ്രശ്നം.
- സ്കൂളിൽ LP, UP വിഭാഗങ്ങൾ ഇല്ലാത്തതും കുട്ടികൾ കുറയാൻ കാരണമായി.
- കൂടുതലും പിന്നോക്കമേഖലയിൽ നിന്നും വരുന്ന വിദ്യാർത്ഥികൾ.
- ശക്തമായ PTA അല്ലാത്തതും പ്രധാനപ്രശ്നം.
- PTA മീറ്റിംഗുകളിൽ പങ്കാളിത്തം കുറവ്.
- രക്ഷകർത്താക്കളുടെ അജ്ഞതയും, സാമ്പത്തികബുദ്ധിമുട്ടും.
- അൺഎയ്ഡഡ് വിദ്യാലയങ്ങളുടെ വർദ്ധനവ് പൊതുവിദ്യാഭ്യാസരീതിയെ സാരമായിബാധിച്ചിട്ടുണ്ട്. പിന്നോക്കപ്രദേശമായിട്ടു കൂടി കുട്ടികളെ അനംഗീകൃത വിദ്യാലയങ്ങളിൽ അയയ്ക്കാൻ രക്ഷകർത്താക്കൾ താല്പര്യം കാട്ടുന്നു.

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിചേരുന്ന എല്ലാകുട്ടികളും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുക.
- ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷകർത്താക്കൾക്ക് നൽകുക.
- കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന, ദേശിയ, അന്തർദേശിയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുന്നു.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദിഭാഷകൾ സംസാരിക്കാനും, വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
- ഹൈടെക് സാദ്ധ്യതകളുടെ പരിപൂർണ്ണവിനിയോഗം എല്ലാ ക്ലാസ് മുറികളിലും ഉറപ്പുവരുത്തുക.
- കുട്ടികളിൽ ശാസ്ത്രമനോഭാവം, മാനവികത, ദേശിയബോധം എന്നിവ വളർത്തിയെടുക്കുന്നതിനും ഉപരിപഠനത്തിന് ആവശ്യമായ ജ്ഞാനനിർമ്മിതി ഉറപ്പാക്കുന്നതിനും പര്യാപ്തമായ ശാസ്ത്രഗണിത സാമൂഹ്യ ശാസ്ത്ര വിഷയങ്ങളുടെ ബോധനരീതി ഉറപ്പാക്കുക.

# വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ചപ്പാട്.

മാറിവരുന്ന സാമൂഹ്യ പശ്ചാത്തലത്തിനനുസരിച്ചും വിദ്യാഭ്യാസരീതികൾക്കനുസരിച്ചും ഞങ്ങളുടെ സ്കൂളിൽ മാറ്റങ്ങൾ ഉണ്ടാക്കാൻ ഞങ്ങൾ ശ്രമിക്കുന്നു.ഇനിയും അനേകം നേട്ടങ്ങൾ കൈവരിക്കണം എന്ന കാഴ്ചപ്പാടോടുകൂടി സ്കൂൾ റിസോഴ്സ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ എല്ലാ അധ്യാപകരുടെയും ,രക്ഷകർത്താക്കളുടെയും ,പൂർവ്വ വിദ്യാർത്ഥികൾ,ജനപ്രതിനിധികൾ എന്നിവരുടെയും അഭിപ്രായങ്ങൾ ഉൾപ്പെടുത്തിവരും വർഷങ്ങളിൽ വിദ്യാലയമികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു.

- നല്ല ഒരു അധ്യാപകരക്ഷാകർതൃസമിതിരൂപീകരിക്കും.-

ഇതുവഴി വിദ്യാലയ വികസനത്തിന് സാഹചര്യം ഒരുക്കും. നിലവിലുള്ള സമിതിയുടെ പോരായ്മകൾ വിദ്യാലയവികസനത്തിന് തടസ്സം നില്ക്കുന്ന സാഹചര്യങ്ങൾ വിലയിരുത്തിമുന്നോട്ട് പോകും. സ്കൂളിലെ ദൈനംദിന പ്രവർത്തനങ്ങളിൽ സഹായിക്കേണ്ട ചുമതല അവർക്ക് വീതിച്ച് നൽകും. വിദ്യാലയത്തിന്റെ അച്ചടക്കം, ഉച്ചഭക്ഷണവിതരണം, ലഹരിമുക്തവും. പരിസ്ഥിതി സൗഹൃദവുമായ അന്തരീക്ഷം ഒരുക്കൽ, വാർഷികങ്ങൾ, വിദ്യാർത്ഥി ക്ഷേമപ്രവർത്തനങ്ങൾ തുടങ്ങിയവ PTA ഏറ്റെടുത്തു നടത്തുന്നതിനുള്ളശ്രമം നടത്തും.

- പൂർവ്വവിദ്യാർത്ഥി സംഘടനരൂപീകരിക്കുന്നു. പുതിയപ്രവർത്തമാതൃകകൾ സൃഷ്ടിക്കുന്നതിനു വിദ്യാർത്ഥികൾക്ക് ആവശ്യമായ വിദഗ്ധ പിന്തുണ ലഭ്യമാക്കുന്നതിനു ഈ സംഘടനരൂപീകരിക്കുന്നതു കൊണ്ട് ഞങ്ങൾക്ക് കഴിയും. കൂടാതെ സമൂഹത്തിന്റെ വിവധ തുറകളിലുള്ള വിദഗ്ധരെ വിദ്യാലയവുമായി ബന്ധിപ്പിച്ച് അക്കാദമികനിലവാരം ഉയർത്തുന്നതിനുള്ള പിന്തുണാസംവിധാനമായി ഉയരാൻ പൂർവ്വവിദ്യാർത്ഥി സംഘടനകൾകൊണ്ട് പ്രയോജനപ്പെടും. കൂടാതെ ഇവരിൽ നിന്നുലഭിക്കുന്ന സാമ്പത്തികസഹായം സ്കൂളിന്റെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താനായി ഉപയോഗിക്കും.

- കാർഷികസംസ്കാരം പുതിയതലമുറയിൽ വളർത്തിയെടുക്കാനായി പ്രാദേശിക കർഷകരെ സ്കൂൾകാർഷിക പ്രവർത്തനങ്ങളുമായി സഹകരിപ്പിക്കും. നാട്ടിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ഭക്ഷണത്തിന് ലഭ്യമാക്കാൻ ഈ കർഷകർക്ക് നേതൃത്വം നൽകും, കൃഷിയുമായി ബന്ധപ്പെട്ട് കുട്ടികളുടെ സംശയ നിവാരണത്തിന് ഇവരുമായി അഭിമുഖം, സെമിനാർ ഇവനടത്തും. നാട്ടുവൈദ്യൻമാരുടെ സഹായം ഔഷധസസ്യപരിപാലനത്തിന് പ്രയോജനപ്പെടുത്തും. സ്കൂളിൽമികച്ച ഒരു ഔഷധത്തോട്ടം നിർമ്മിക്കും. സ്കൂളിന്റെ പുറകിലുള്ള സ്ഥലം കൃഷിക്കായി സജ്ജമാക്കും. വാഴ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ കൃഷിചെയ്യും, ചെടികൾ, ചെടിച്ചട്ടികൾ

വളം , കൃഷി ഉപകരണങ്ങൾ ഇവയുമായി ബന്ധപ്പെട്ട ആളുകളുടെ സേവനം ഞങ്ങളുടെ സ്കൂളിൽ ലഭിക്കുമെന്ന് ഉറപ്പുവരുത്തും. സമീപത്തെ കൃഷി ഓഫീസിന്റെ പൂർണ്ണസേവനം ഉറപ്പുവരുത്തും.

- സ്കൂളിന്റെ പരിസര പ്രദേശത്തുള്ള പൊതുസ്ഥാപനങ്ങൾ സന്ദർശിച്ച് അവിടെ നടക്കുന്ന പ്രവർത്തനങ്ങൾ പഠിക്കുകയും അവരിലെ പ്രഗത്ഭരെ ബോധവത്കരണ ക്ലാസുകൾ നയിക്കുന്നതിനു ചുമതലപ്പെടുത്തും .
- പ്രദേശത്തെ എല്ലാ ക്ലബിലെയും അംഗങ്ങളെ പരമാവധി ഉൾപ്പെടുത്തി ലൈബ്രറി നവീകരണ പ്രവർത്തനങ്ങൾ നടത്തും. 2010 ഡിസംബർ 01ന് മുൻപ് സ്കൂൾ ലൈബ്രറി ശാസ്ത്രീയമായി ക്രമീകരിച്ച് ആകർഷകമാക്കുകയും . പുസ്തകങ്ങളുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുകയും ചെയ്യും.

നിലവിൽ ലഭ്യമായ പുസ്തകങ്ങളെ ഇനം തിരിച്ച് തരംതിരിക്കുന്നു.

എഴുത്തുകാരുടെ പേരിന്റെ അക്ഷരമാലക്രമത്തിൽ ക്രമീകരിക്കും .

(2018 ഏപ്രിൽ, മെയ് മാസങ്ങളിൽ)

ചുമതലക്കാരും . തെരഞ്ഞെടുത്ത അധ്യാപകരും, ഏതാനും കുട്ടികളും .

ഓരോ ക്ലാസിനു ഉപയോഗിക്കാവുന്ന പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.

പാഠം ആസൂത്രണത്തിന്റെ ഭാഗമായി സബ്ജക്ട് കൗൺസിലിന്റെ നേതൃത്വത്തിൽ.

(2018മാർച്ച് . ഏപ്രിൽ) മാസങ്ങളിൽ പുസ്തക വിതരണത്തിനുള്ള സൗകര്യമൊരുക്കുന്നു.

ഓരോ ക്ലാസ്സിൽനിന്നും ക്ലാസ്സ്അധ്യാപികയുടെ നേതൃത്വത്തിൽ ഒരു ആൺകുട്ടിയെയും ഒരു പെൺകുട്ടിയെയും കുട്ടിലൈബ്രേറിയൻമാരാക്കുന്നു.

- ചെയ്യേണ്ട പ്രവർത്തനരീതികളെക്കുറിച്ച് പൊതുവായി കുട്ടികൾക്ക് പരിശീലനം നൽകുന്നു . ഓരോ ക്ലാസ്സിനും ഒരു നോട്ടുപുസ്തകം വിതരണ രജിസ്റ്ററായി നൽകുന്നു. പുസ്തകവിതരണം ആഴ്ചയിലൊരിക്കൽ.
- ലൈബ്രറിയുടെ ചുമരുകളെല്ലാം പ്രശസ്തസാഹിത്യകാരൻമാരുടെ ഫോട്ടോകൾ കലകളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ എന്നിവകൊണ്ട് അലങ്കരിക്കുന്നു. ചുമരുകളിൽ വായനയുമായി ബന്ധപ്പെട്ടവചനങ്ങൾ എഴുതിവയ്ക്കുന്നു, ലഭ്യമായ ഫണ്ടുപയോഗിച്ച് ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യമൊരുക്കുന്നു. സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കി പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കും ക്ലാസ്സ് ലൈബ്രറി സംവിധാനം ശക്തിപ്പെടുന്നു.

# നേട്ടങ്ങൾ

School നിലകൊള്ളുന്നത് ഒരു Rural Areaയിൽ ആണ്. Town ൽ പോയി പഠിക്കാൻ നിവർത്തിയില്ലാത്ത അവിടുത്തെ പാവപ്പെട്ട ജനങ്ങൾക്ക് Secondary വിദ്യാഭ്യാസം നൽകാൻ കഴിഞ്ഞു എന്നുള്ളതുതന്നെയാണ് സ്കൂളിന്റെ ഏറ്റവും വലിയ നേട്ടമായി ഞങ്ങൾ കാണുന്നത്.

കഴിഞ്ഞ വർഷം നടന്ന പൂർവ്വവിദ്യാർത്ഥി സംഗമം സ്കൂളിനെ സംബന്ധിച്ച് ഒരു സംഭവം തന്നെയായിരുന്നു.

സാമൂഹ്യമായും, രാഷ്ട്രീയമായും,കലാപരമായും, ഔദ്യോഗികമായും ഉന്നതശ്രേണികളിൽ വിരാജിക്കുന്ന അവരൊക്കെത്തന്നെ ഞങ്ങളുടെ സ്കൂളിൽ പഠിച്ച് T.C വാങ്ങി പോയവരാണെന്ന് ഓർത്തപ്പോൾ ഞങ്ങൾക്ക് അഭിമാനം തോന്നി.

ഹൃദ്യമായ Teaching Learning Activities ലൂടെ മിക്കവാറും എല്ലാവർഷവും S.S.L.C പരീക്ഷക്ക് 100% വിജയം നേടാൻ School ന് കഴിഞ്ഞിട്ടുണ്ട്.

Sports,Arts,Science talent test തുടങ്ങി എല്ലാextra carricular activities ലും [illegible] പ്രതിഭകളെ വാർത്തെടുക്കാൻ School ന് കഴിഞ്ഞിട്ടുണ്ട്.

Sub.Dist തലത്തിലും Edn:Dist തലത്തിലും Rev: Dist തലത്തിലും പോരാടി വിജയിച്ച എല്ലാ പ്രതിഭകളും സ്കൂളിന്റെ അഭിമാനഭാജനങ്ങൾ തന്നെയാണ്.

ഒന്നാംതരം കളിക്കളം , വൃത്തിയും വെടിപ്പുമുള്ള പാചകപുര, Computer Lab, നല്ല കാറ്റും വെളിച്ചവും കടക്കുന്ന High Tech Class മുറികൾ തുടങ്ങി എല്ലാ ഭൗതികസാഹചര്യങ്ങളും ഒരുക്കാൻ കഴിഞ്ഞതും School ന്റെ നേട്ടം തന്നെയാണ്.